"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസ്.എസ്സിലെ എഫ്.ടി.എം ശ്രീ.എ.അലക്സിന്റെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2489/2025/GEDN തീയതി,തിരുവനന്തപുരം, 04-04-2025

---

പരാമർശം:-
1. കോർപ്പറേറ്റ് മാനേജരുടെ 04.11.2024 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.01.2025 തീയതിയിലെ ഇ.ടി5/18445/2024/ഡി.ജി.ഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ ശ്രീ.എ.അലക്സിന്റെ ഫുൾ ടൈം മീനിയൽ തസ്തികയിലെ 15.07.2022 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

ടി സ്കൂളിലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി. രാജി രാജുവിനെ, പത്തനംതിട്ട ജില്ലയിലെ അടൂർ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട വയല എൻ.ഡി.എം.യു.പി.എസ്.-ൽ എൽ.ജി. ഹിന്ദി(പാർട്ട് ടൈം) അധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത് മൂലമുണ്ടായ പരിണിത ഒഴിവിൽ കത്തോലിക്ക് സ്കൂൾ മാനേജർ 01/11/2021 മുതൽ ശ്രീ.അലക്സ് എ.-യെ എഫ്.ടി.എം. ആയി നിയമിച്ചിരുന്നുവെങ്കിലും ശ്രീമതി.രാജി രാജു K-TET യോഗ്യത നേടിയിട്ടില്ല എന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമായില്ല എന്ന കാരണത്താൽ വിദ്യാഭ്യാസ അധികാരികൾ നിയമനം അംഗീകരിക്കുകയുണ്ടായില്ല.

എന്നാൽ ശ്രീമതി. രാജി രാജുവിന്റെ നിയമനം K-TET പാസ്സായ 15-07-2022 മുതൽ അംഗീകരിച്ചു കിട്ടിയിട്ടുണ്ടെന്നും ആയതിനാൽ ശ്രീ. അലക്സിന്റെ നിയമനവും 15-07-2022 മുതൽ അംഗീകരിച്ച് കിട്ടണമെന്നാണ് റിവിഷൻ പെറ്റിഷനിൽ മാനേജർ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീമതി.രാജി രാജു-ന്റെ എൽ.ജി. ഹിന്ദി (പാർട്ട് ടൈം) അധ്യാപികയായി ഉള്ള നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യത്തിലാണ് ഒഴിവു വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താൽ ശ്രീ. അലക്സിന്റെ നിയമനവും നിരസിച്ച് നൽകിയിരുന്നത്. എന്നാൽ ഇപ്പോൾ ശ്രീമതി.രാജി രാജുവിന്റെ നിയമനം ടിയാൾ കെ.ടെറ്റ് യോഗ്യത നേടിയ 15-07-2022 തീയതി മുതൽ അംഗീകാരം ലഭ്യമായ സാഹചര്യത്തിൽ ശ്രീ.അലക്സിന്റെ നിയമനം നടത്തിയിരിക്കുന്ന ഒഴിവ് 15-07-2022 മുതൽ വ്യവസ്ഥാപിതമായിട്ടുള്ളതിനാൽ 15-07-2022 മുതൽ ടിയാന്റെ നിയമനാംഗീകാരം പരിഗണിക്കാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പുനലൂർ സെന്റ് ഗൊരേറ്റി എച്ച്.എസ്.എസ്.ലെ ശ്രീ.എ.അലക്സിന്റെ 15/07/2022 മുതലുള്ള ഫുൾ ടൈം മീനിയൽ തസ്തികയിലെ നിയമനം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

കോർപ്പറേറ്റ് മാനേജർ, കാത്തലിക് സ്കൂൾസ്, ബിഷപ്പ് ഹൗസ്, പുനലൂർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 05-04-2025 11:54:01

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.